

ഹദീസ്

നൗഷാദ് ചേനപ്പാടി

# വിശ്വാസി ചെയ്യുന്നത് തേനീച്ചയെപ്പോലെ സുകൃതങ്ങൾ മാത്രം

عَنْ عَبْدِ اللهِ بْنُ عمرو قَالَ رَسُول اللهِ صَلّى اللهُ عَلَيْهِ وَسَلّم : وَالَّذِي نَفْسُ مُحَمَّدٍ بِيَدِهِ إِنَّ مَثَلَ الْمُؤْمِنِ لَكَمَثَلِ النَّحْلَةِ أَكَلَتْ طَيِّبًا وَوَضَعَتْ طَيِّبًا وَوَقَعَتْ فَلَمْ تَكْسِر ولم تُفْسِدْ (رواه أحمد و صححه الشيخ أحمد شاكر والشيخ الألباني)

**അബ്ദുല്ലാഹിബ്നു അംറിൽനിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'മുഹമ്മദിന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനെക്കൊണ്ട് സത്യം, നിശ്ചയം സത്യവിശ്വാസിയുടെ ഉദാഹരണം തേനീച്ചയുടേതു പോലെയാണ്. തേനീച്ച ശുദ്ധമായതു മാത്രമേ ഭക്ഷിക്കുകയുള്ളൂ. ശുദ്ധമായതേ അത് സ്രവിപ്പിക്കുകയുമുള്ളൂ. അത് ഏതെങ്കിലും പൂവിലോ ചില്ലയിലോ ചെന്നിരുന്നാൽ അതിനെ ഒടിക്കുകയില്ല. അതിനെ കേടുവരുത്തുകയും ഇല്ല' (അഹ്മദ്).**

ഇമാം അഹ്മദ് തന്റെ മുസ്നദിൽ ഉദ്ധരിച്ച ഹദീസാണിത്. മുസ്നദ് സംശോധന നടത്തിയ ശൈഖ് അഹ്മദ് ശാകിർ ഈ ഹദീസിനെ സ്വഹീഹായി വിലയിരുത്തിയിരിക്കുന്നു. ശൈഖ് അൽബാനി തന്റെ 'അസ്സ്വഹീഹ'യിലും ഈ ഹദീസ് എടുത്തു ചേർത്തിട്ടുണ്ട്.

വിശ്വാസിയെ തേനീച്ചയോട് ഉപമിച്ചുകൊണ്ടുള്ള ഈ നബിവാക്യം വളരെ മനോഹരമായിരിക്കുന്നു. ഈച്ച വൃത്തികേടിലും മോശമായതിലും മാത്രമാണ് ചെന്നിരിക്കുക. അതാണതിനു താൽപര്യം. അവിടെനിന്നത് രോഗങ്ങൾ മനുഷ്യരിലേക്കും മറ്റു ജീവികളിലേക്കും പടർത്തിക്കൊണ്ടിരിക്കും. എന്നാൽ തേനീച്ച പൂക്കളും ഫലങ്ങളും പോലെ ശുദ്ധവും മധുരമുള്ളതും സുഗന്ധവാഹിയുമായ നല്ല വസ്തുക്കളിലേ ചെന്നിരിക്കുകയുള്ളൂ. ശുദ്ധമായതു മാത്രമേ അതു ഭക്ഷിക്കുകയുമുള്ളൂ. അതിനാൽ തന്നെ അത് സ്രവിപ്പിക്കുന്ന തേനും വളരെ ശുദ്ധവും പ്രയോജനപ്രദവും ഔഷധപ്രധാനവും ആയിരിക്കുകയും ചെയ്യും. അതിൽ ജനങ്ങൾക്ക് രോഗശാന്തിയുണ്ടെന്ന് ഖുർആൻ പറയുന്നുണ്ടല്ലോ. ഖുർആനിലെ ഒരു ദീർഘ അധ്യായത്തിന്റെ പേര് തേനീച്ച (അന്നഹ്ൽ) എന്നാണ്. ആ ജീവിയുടെ സൃഷ്ടിപ്പിലുള്ള വൈഭവത്തെപ്പറ്റി ജനങ്ങൾ ചിന്തിക്കുന്നതിനും പഠിക്കുന്നതിനും അങ്ങനെ അതിന്റെ സ്രഷ്ടാവായ അല്ലാഹുവിന്റെ ഹിക്മത്തിനെയും ഇൽമിനെയും അറിഞ്ഞും മനസ്സിലാക്കിയും അവനെ വാഴ്ത്തുന്നതിനും വേണ്ടിയാണ് ആ അധ്യായത്തിന് ആ പേര് നൽകിയിരിക്കുന്നത്. തേനീച്ച തന്നിലർപ്പിതമായിരിക്കുന്ന ജോലി ഭംഗിയായി ചെയ്യുന്നു; സ്ഥാനമോഹങ്ങളില്ലാതെയും ഔദ്ധത്യം നടിക്കാതെയും ആരെയെങ്കിലും തോൽപ്പിക്കണമെന്ന മാത്സര്യബുദ്ധി ഇല്ലാതെയും.

തികച്ചും ഒരു സത്യവിശ്വാസിക്കു ചേരുന്ന ഉദാഹരണമാണ് തേനീച്ചയുടേത്. ഭൗതിക ലോകത്ത് അശുദ്ധമായതോ നല്ലതല്ലാത്തതോ അവൻ ആഗ്രഹിക്കുകയോ തേടുകയോ അതിൽ ചെന്നിരിക്കുകയോ ഇല്ല. പരദൂഷണം, കളവ്, വഞ്ചന, തട്ടിപ്പ് തുടങ്ങിയ അധാർമികവും അവിശുദ്ധവുമായ സകലതിനെയും അവൻ അകറ്റിനിർത്തും. അത്തരം അധർമങ്ങൾ പറയുന്നതോ പ്രവർത്തിക്കുന്നതോ അവന്റെ പ്രകൃതിക്കു ചേർന്നതല്ല. ഈച്ചയെപ്പോലെ അത്തരം ദുർഗന്ധ – രോഗവാഹിയായ മാലിന്യങ്ങൾക്ക് മീതെ അവൻ വട്ടമിട്ടു പറക്കുകയില്ല. ധാർമികമായി അനുവദനീയവും ഭൗതികമായി ശുദ്ധമായതും മാത്രമേ അവൻ ഭക്ഷിക്കുകയും കുടിക്കുകയുമുള്ളൂ. മറ്റുള്ളവർക്കും അവൻ അതേ നൽകുകയുമുള്ളൂ. ഏറ്റവും ചൊവ്വായതും വിശുദ്ധമായതും പ്രയോജനകരമായതും മാത്രമേ അവൻ സ്വീകരിക്കുകയുള്ളൂ. നല്ലതു മാത്രം ജനങ്ങൾക്ക് പകർന്നു നൽകുകയും ചെയ്യുന്നു. അതു മുഖേന ജനങ്ങളെ ബാധിച്ച ആത്മീയമായ രോഗങ്ങളിൽനിന്ന് വിശ്വാസി അവരെ സുഖപ്പെടുത്തുന്നു.

തേനീച്ച പൂവിലോ ചില്ലയിലോ ചെന്നിരുന്നാൽ ചില്ല ഒടിക്കുകയോ പൂവ് കേടുവരുത്തുകയോ ചെയ്യില്ല. അതുപോലെയാണ് വിശ്വാസിയും. അവൻ എവിടെ പോയാലും അവിടെയൊന്നും പ്രശ്നസങ്കീർണതകൾ ഉണ്ടാക്കില്ല, കുഴപ്പങ്ങളുണ്ടാക്കില്ല. തേനീച്ചയുടെ അതേ പ്രകൃതം. അതിനാലാണ് അല്ലാഹുവിന്റെ റസൂൽ മുഅ്മിനിനെ തേനീച്ചയോടും മറ്റൊരു വചനത്തിൽ ഈത്തപ്പനയോടും ഉപമിച്ചത്. ●